പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5229 | 23-05-2017-ലെ മറുപടിയ്ക്ക്

# കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാർഷികമേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പ സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | **(എ)** കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പ സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>1. നെൽകൃഷി വികസനം<br>2. പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം.<br>3. പച്ചക്കറി കൃഷി വികസനം<br>4. പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം<br>5. തെങ്ങ് കൃഷി വികസനം<br>6. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം<br>7. ഹൈ-ടെക് അഗ്രിക്കൾച്ചർ<br>8. പഴ വർഗ്ഗങ്ങൾ, പുഷ്പവിളകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം.<br>9. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും.<br>10. വിള ആരോഗ്യപരിപാലനം<br>11. ജൈവകൃഷിയും നല്ല കാർഷിക മുറകളുടെ അവലംബവും.<br>12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും.<br>13. കൃഷി വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവല്ക്കരണം<br>14. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ.<br>15. അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും.<br>16. വിള ഇൻഷ്വറൻസ് പദ്ധതി.<br>17. വിപണികളുടെ ശാക്തീകരണം കമ്പോള വില സ്ഥിരതയ്ക്കുള്ള വിപണിയിടപെടൽ.<br>18. മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുല്പാദനം, അഗ്രോ ബിസിനസ്സ് |

കമ്പനിയുടെ സ്ഥാപനം.

19. കർഷക ക്ഷേമ ബോർഡ് രൂപീകരണം
20. വയനാട് പാക്കേജ് പദ്ധതി
21. പ്രത്യേക കാർഷിക മേഖല അധിഷ്ഠിത കൃഷി വികസനം
22. കൃഷിയാവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി.
23. റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.
24. കർഷക പെൻഷൻ പദ്ധതി.

| | |
|---|---|
| **(ബി)** നിലവിലുള്ള ഫാമുകളുടെയും ലാബുകളുടെയും ആധുനികവത്ക്കരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **(ബി)** നിലവിലുള്ള ഫാമുകളുടെ ആധുനികവല്ക്കരണത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനുമായി 2100.00 ലക്ഷം രൂപ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൃഷി വകുപ്പിനു കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവല്ക്കരണത്തിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുമായി 600.00 ലക്ഷം രൂപ 2017-18 വാർഷിക ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ടി പദ്ധതികൾക്കുള്ള ഭരണാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |
| **(സി)** പച്ചക്കറിയുടെ വിപണനത്തിനായി കർഷക വിപണികളും മാളുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | **(സി)** പച്ചക്കറികളുടെയും മറ്റ് കാർഷിക ഉല്പന്നങ്ങളുടെയും വിപണനത്തിനായി നിലവിലുള്ള വിപണന സൗകര്യങ്ങൾക്കു പുറമെ 200 ഗ്രാമീണ വിപണികളും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ അഗ്രോ ബസാറുകളും കാർഷിക വിപണികൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| **(ഡി)** ഇതിന്റെ ഭാഗമായി പുതിയ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ? | **(ഡി)** 2017-18 സാമ്പത്തിക വർഷത്തിലെ അഗ്രോസർവ്വീസ് സെന്ററും സേവനം എത്തിക്കലും എന്ന പദ്ധതിയുടെ ഭാഗമായി 20 ബ്ലോക്ക്തല അഗ്രോ സർവ്വീസ് സെന്ററുകൾ നടപ്പ് സാമ്പത്തിക വർഷം പുതുതായി ആരംഭിക്കുന്നതിനായി 640.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നൈപുണ്യ പരിശീലനം സിദ്ധിച്ച തൊഴിലാളികളും കാർഷിക യന്ത്രോപകരണങ്ങളും കൊണ്ട് സജ്ജമായ അഗ്രോസർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് യഥാസമയം കൃഷിയിറക്കുന്നതിനാവശ്യമായ തൊഴിലാളികളുടെ സേവനം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**